# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2322 06/10/2016-ൽ മറുപടിയ്ക്ക്**

**<u>കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി</u>**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ: | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി മുഖാന്തിരം നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ള തെന്ന് വ്യക്തമാക്കാമോ; | എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| ബി) ഇത്തരത്തിലുള്ള ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസ്സം എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | ബി) ഓരോ പദ്ധതിയും തയ്യാറാക്കുന്നതിനായി പ്രാരംഭ ചർച്ചകൾ നടത്തി ഡി.പി.ആർ. തയ്യാറാക്കിയാലും പ്രസ്തുത പദ്ധതി അതാത് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലാകും സർക്കാരിന്റെ ഭരണാനുമതിക്കും ഫണ്ടിനുമായി ലഭിക്കുക. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭരണാനുമതി നൽകിയശേഷം മാത്രമേ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ഓരോ തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിലുള്ള പ്രവർത്തികൾ ആരംഭിക്കുന്നതിനുമുമ്പായി പദ്ധതികളുടെ ഭാവിനടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തുന്നതിനുള്ള ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനങ്ങളും സി.ആർ.ഇസഡ് ബാധകമായ സ്ഥലങ്ങളിൽ സി.ആർ.ഇസഡ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ് മുതലായ നിയമപരമായുള്ള അനുമതികളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കേതു ണ്ട്. എന്നിരുന്നാലും ഭരണാനുമതി നൽകിയ പദ്ധതികൾ കഴിയുന്നത്ര സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ

# അനുബന്ധം

**സംയോജിത മൽസ്യഗ്രാമം പദ്ധതി**

**<u>പള്ളിപ്പുറം മത്സ്യഗ്രാമം. (2012-13 സാമ്പത്തിക വർഷം)</u>**

വ്യക്തിഗത ടോയ്‌ലറ്റ് - 23.00 ലക്ഷം രൂപ - ഗുണഭോക്താക്കളെ ലഭ്യമായില്ല

**<u>എടവനക്കാട് മത്സ്യഗ്രാമം. (2013-14 സാമ്പത്തിക വർഷം)</u>**

വൈദ്യുതീകരണം - 37.57 ലക്ഷം രൂപ - പൂർത്തീകരണഘട്ടത്തിലാണ്

**നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി (2013-14 സാമ്പത്തിക വർഷം)**

| | | | |
|---|---|---|---|
| (1) | എടവനക്കാട് അംഗൻവാടി | - 10.60 ലക്ഷം രൂപ | - സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു |
| (2) | എളങ്കുന്നപ്പുഴ അംഗൻവാടി (3 എണ്ണം) | - 33.75 ലക്ഷം രൂപ | - സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു |
| (3) | കുഴിപ്പിള്ളി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം | - 191.35 ലക്ഷം രൂപ | - ആരംഭഘട്ടത്തിലാണ് (ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികൃതർ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കാലതാമസം വരുത്തിയതിനാൽ പദ്ധതി ആരംഭിക്കുവാൻ വൈകി) |

**ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് (2015-16 സാമ്പത്തിക വർഷം)**

ഓച്ചംമുക്ക് സബ് സെന്റർ നിർമ്മാണം - 30.00 ലക്ഷം രൂപ - പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്